# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.10.2023** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ജൻധൻ, ആധാർ, മൊബൈൽ ഉപയോഗത്തിലൂടെ രണ്ടര ലക്ഷം കോടി രൂപയുടെ ദുർവിനിയോഗം തടയാനായതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi says misuse of 2.5 lakh crore rupees has been prevented through use of Jandhan, Aadhaar and mobile phones**

2. ഭാവിയിലെ നൂതന സാങ്കേതിവിദ്യാ മുന്നേറ്റങ്ങൾക്ക് വിഭവങ്ങൾ സംഭാവന ചെയ്യാൻ രാജ്യത്തെ വ്യവസായ രംഗത്തിനാകുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിംഗ്.

   **Union Minister Jitendra Singh said that the country's industrial sector can contribute resources for future technological advancements.**

3. പുതിയ ഭരണ സംസ്കാരം സൃഷ്ടിക്കലാണ് മേഖലാതലാ അവലോകന യോഗങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan said that the aim is to create a new governance culture through sector-wise review meetings.**

4. ഈ വർഷത്തെ സാഹിത്യ നോബേൽ പുരസ്കാരം നോർവീജിയൻ എഴുത്തുകാരൻ യോൺ ഫൊസ്സ്യേ.

   **This year's Nobel Prize for Literature goes to Norwegian author Jon Fosse**

5. ഏഷ്യൻ ഗെയിംസിൽ ഇന്ത്യൻ കുതിപ്പ് തുടരുന്നു; 21 സ്വർണ്ണമുൾപ്പെടെ 86 മെഡലുകളുമായി നാലാം സ്ഥാനത്ത്.

**Indian surge continues at Asian Games; 4th place with 86 medals including 21 gold**

6. ഏകദിന ക്രിക്കറ്റ് ലോകകപ്പിന് അഹമ്മദാബാദിൽ തുടക്കം; ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ടിനെതിരെ ന്യൂസിലാന്റിന് 283 റൺസ് വിജയലക്ഷ്യം.

**ODI Cricket World Cup begins in Ahmedabad; New Zealand set a target of 283 runs against England in the opening match.**

&&&&&&&&&&&

## RAJASTHAN-PM VISIT

ഇന്ത്യയുടെ ഭൂതകാല പെരുമ പേറുന്ന രാജസ്ഥാന് വരുംകാല ഭാരതത്തെ കൂടി പ്രതിനിധാനം ചെയ്യാൻ കഴിയണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വികസനത്തിന്റെ പുത്തൻ ഉയരങ്ങൾ കീഴടക്കുന്നതിലൂടെ മാത്രമേ ഇത് സാധ്യമാകൂ എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. റെയിൽ-റോഡ് ഗതാഗത രംഗത്ത് നിലവിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ കൂടുതൽ തൊഴിൽ അവസരങ്ങൾക്കും വിനോദ സഞ്ചാരത്തിന്റെ വളർച്ചയ്ക്കും രാജസ്ഥാനിലെ പ്രദേശിക സമ്പദ് വ്യവസ്ഥയുടെ ശാക്തീകരണത്തിനും വഴിതുറക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. 5,000 കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് പ്രധാനമന്ത്രി ഇന്ന് രാജസ്ഥാനിൽ തുടക്കം കുറിച്ചത്.

&&&&&&&&&&&

## HEADLINE 1

## MP- PM VISIT

ഖജനാവ് കൊള്ളയടിക്കാൻ വഴിയൊരുക്കുന്ന സർക്കാർ സ്ഥിതിവിവരക്കണക്കുകളിൽ നിന്ന് **11 കോടി** വ്യാജ പേരുകൾ കേന്ദ്ര സർക്കാർ നീക്കം ചെയ്തതായി പ്രധാനമന്ത്രി നരേന്ദ്രമോദി. മധ്യപ്രദേശിലെ ജബൽപൂരിൽ **12,600 കോടി** രൂപയുടെ വിവിധ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

ജൻധൻ, ആധാർ, മൊബൈൽ എന്നിവയുടെ ഉപയോഗത്തിലൂടെ **2.5 ലക്ഷം കോടിയിലധികം** രൂപ ലാഭിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. വികസന വേഗം നിലച്ചാൽ ദുരന്തത്തിലേക്ക് നയിച്ചേക്കാവുന്ന ഘട്ടത്തിലാണ് ഇന്ന് മധ്യപ്രദേശ് നിൽക്കുന്നത്. അടുത്ത 25 വർഷം പ്രധാനമാണ്. വികസിത മധ്യപ്രദേശിന് മാത്രമേ വികസിത ഇന്ത്യയിലേക്ക് നയിക്കാനാകൂ. കഠിനാധ്വാനം ചെയ്ത് ശരിയായ തീരുമാനമെടുക്കേണ്ട സമയമാണിതെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&

## HEADLINE 2

## JITENDRA- QUANTUM CONCLAVE

ഭാവിയിലെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ നൂതന സാങ്കേതിവിദ്യാ മുന്നേറ്റങ്ങൾ എന്നിവയ്ക്കാവശ്യമായ വിഭവങ്ങൾ സംഭാവന ചെയ്യാൻ രാജ്യത്തെ വ്യവസായ രംഗത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്രമന്ത്രി ഡോ ജിതേന്ദ്രസിംഗ്. എല്ലാ ആവശ്യങ്ങൾക്കും ഭരണകൂടത്തെ ആശ്രയിക്കുന്ന രീതി മാറണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ന്യൂഡൽഹിയിൽ മൂന്നാമത് ഇന്ത്യ ക്വാണ്ടം ടെക്നോളജി കോൺക്ലേവ് 2023 ൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&

## CHHATTISGARH-ANURAG SINGH THAKUR

യുവാക്കളുടെ സംഭാവനയിലൂടെ 2047 ൽ ഒരു വികസിത രാജ്യമായി ഇന്ത്യ മാറുമെന്ന് കേന്ദ്ര യുവജനകാര്യ മന്ത്രി അനുരാഗ് സിംഗ് താക്കൂർ. സിനിമ, കായികം തുടങ്ങിയ മേഖലകളിലൂടെ ആഗോള രംഗത്ത് രാജ്യത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കാനാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഛത്തീസ്ഖണ്ഡിലെ റായ്പ്പൂരിൽ നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിലുള്ള സംസ്ഥാനതല യുവജനോത്സവത്തിന് തുടക്കം കുറിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

&&&&&&&&&&&

## SIKKIM FLOOD UPDATE

സിക്കിമിൽ വെള്ളപ്പൊക്കത്തിൽ കാണാതായവർക്കായുള്ള തിരച്ചിൽ തുടരുന്നു. വടക്കൻ സിക്കിമിലെ ചുങ്താങ്, ലാചുങ്, ലാചെൻ പ്രദേശങ്ങളിൽ കുടുങ്ങിക്കിടക്കുന്നവർക്ക് സൈനികർ ത്രിശക്തി കോർപ്സിന്റെ വൈദ്യസഹായവും ടെലിഫോൺ സൗകര്യവും നൽകി. ലാചുങ്ങിലെ വെള്ളപ്പൊക്കത്തിൽ തകർന്ന പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനം ശക്തമാക്കാൻ കൂടുതൽ സൈനികരെ അയക്കുമെന്ന് എൻഡിആർഎഫ് രണ്ടാം ബറ്റാലിയൻ കമാൻഡ് ഗുർമീന്ദർ സിംഗ് പറഞ്ഞു. അതിനിടെ സംസ്ഥാനത്ത് മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 14 ആയി ഉയർന്നു. 23 സൈനികർ ഉൾപ്പെടെ 102 പേരെയാണ് ദുരന്തത്തിൽ കാണാതായത്.

&&&&&&&&&&&

## WB-FLOOD SITUATION

വടക്കൻ പശ്ചിമ ബംഗാളിന്റെ വിവിധ ഭാഗങ്ങളിൽ വെള്ളപ്പൊക്കം രൂക്ഷമായി. ഡാർജിലിംഗ്, കലിംപോംഗ്, ടെറായി, ദോർസ് ജൽപായ്ഗുഡി, അലിപുർദ്വാർ എന്നിവിടങ്ങളെയാണ് പ്രളയം സാരമായി ബാധിച്ചത്. അയൽ സംസ്ഥാനമായ സിക്കിമിലെ വെള്ളപ്പൊക്കത്തെത്തുടർന്ന് ടീസ്ത നദി കരകവിഞ്ഞൊഴുകിയതോടെ വടക്കൻ ബംഗാളിലെ നോർത്ത് ദിനാജ്പൂർ, സൗത്ത് ദിനാജ്പൂർ, കൂച്ച് ബെഹാർ ജില്ലകളിൽ സ്ഥിതി ഗുരുതരമാണെന്നാണ് റിപ്പോർട്ട്.

&&&&&&&&&&&

## MP-RESERVATION FOR WOMEN

മധ്യപ്രദേശിൽ വനം വകുപ്പ് ഒഴികെയുള്ള നിയമനങ്ങളിൽ സ്ത്രീകൾക്ക് 35 ശതമാനം സംവരണം ഏർപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിനായി 1997 ലെ മധ്യപ്രദേശ് സിവിൽ സർവീസസ് ചട്ടങ്ങളിൽ സർക്കാർ ഭേദഗതി വരുത്തി. പോലീസിലെയും മറ്റ് സർക്കാർ ജോലികളിലെയും 35 ശതമാനം ഒഴിവുകളിൽ സ്ത്രീകളെ നിയമിക്കുമെന്ന് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അടുത്തിടെ പ്രഖ്യാപിച്ചിരുന്നു.

&&&&&&&&&&&

## HEADLINE 3
## CM KERALA

പുതിയ ഭരണ സംസ്കാരം സൃഷ്ടിക്കലാണ് മേഖലാതലാ അവലോകന യോഗങ്ങളിലൂടെ ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഭരണനടപടികളുടെ വേഗത കൂട്ടാനും സുതാര്യത ഉറപ്പുവരുത്താനും ലക്ഷ്യമിട്ട് പ്രവർത്തിക്കണമെന്നും മുഖ്യമന്ത്രി ആഹ്വാനം ചെയ്തു. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും

നേതൃത്വത്തിൽ കോഴിക്കോട് ചേർന്ന മേഖലാതല അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോഴിക്കോട്, കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളുടെ അവലോകനയോഗമാണ് ഇന്ന് ചേർന്നത്. നാലു ജില്ലകളെ ഉൾപ്പെടുത്തിയുള്ള പോലീസ് അവലോകന യോഗവും തുടർന്ന് നടന്നു.

&&&&&&&&&&&&

## NOBEL PRIZE- INTRO

ഈ വർഷത്തെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നോർവീജിയൻ എഴുത്തുകാരൻ **യോൺ ഫൊസ്സേയ്ക്ക്**. മാനവികതയിലൂന്നിയ തന്റെ എഴുത്തിലൂടെ നിശബ്ദരാക്കപ്പെട്ടവരുടെ ശബ്ദമായി മാറാൻ അദ്ദേഹത്തിന് കഴിഞ്ഞതായി പുരസ്കാര സമിതി വിലയിരുത്തി.

ഒരു റിപ്പോർട്ട്.....

(വോയിസ്)

## HEADLINE 4

## NOBEL PRIZE- VOICE

നാടകം, നോവൽ, കവിത, സിനിമ, ബാലസാഹിത്യം, ലേഖനം തുടങ്ങി വിവിധ സാഹിത്യ രംഗങ്ങളിൽ നൽകിയ ശ്രദ്ധേയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം. മുപ്പതോളം പുസ്തകങ്ങളുടെ രചയിതാവായ ഫൊസ്സേയുടെ കൃതികൾ നാൽപ്പതിലേറെ ഭാഷകളിലേക്ക് തർജ്ജമ ചെയ്യിട്ടുണ്ട്. സമകാലിക നോർവീജിയൻ സാഹിത്യത്തിലെ അതികായനായാണ് യോൺ ഫൊസ്സെ വിലയിരുത്തപ്പെടുന്നത്. 1983 ൽ പുറത്തിറങ്ങിയ 'റെഡ് ബ്ലാക്ക്' എന്ന നോവലിലൂടെയാണ് അദ്ദേഹത്തിന്റെ തുടക്കം. സെപ്റ്റോളജി എന്ന പേരിലുള്ള നോവൽ ത്രയം ഫൊസ്സേയ്ക്ക് ലോകമെമ്പാടും വായനക്കാരെ

നേടിക്കൊടുത്തു. ചുറ്റുമുള്ള ജനങ്ങളുടെ ദൈനംദിന ജീവത്തിലെ സംഭവ വികാസങ്ങൾ തന്റെ എഴുത്തിൽ കൊണ്ടുവരാൻ കഴിഞ്ഞ സാഹിത്യകാരനാണ് യോൺ ഫൊസ്സെ.
ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&

## HEADLINE 5
## ASIAN GAMES

ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ ഇന്ത്യൻ കുതിപ്പ് തുടരുന്നു. 21 സ്വർണ്ണമുൾപ്പെടെ 86 മെഡലുകളുമായി പട്ടികയിൽ നാലാം സ്ഥാനത്താണ് ഇന്ത്യ. ഏഷ്യൻ ഗെയിംസിലെ രാജ്യത്തിന്റെ ഏറ്റവും മികച്ച പ്രകടനമാണിത്. അമ്പെയ്ത്തിൽ പുരുഷ വിഭാഗം കോമ്പൗണ്ട് ആർച്ചെറി ടീം ദക്ഷിണകൊറിയയെ പരാജയപ്പെടുത്തി സ്വർണ്ണം നേടി. സ്ക്വാഷ് മിക്സഡ് വിഭാഗത്തിൽ ദീപിക പള്ളിക്കൽ-ഹരീന്ദർപാൽ സഖ്യവും രാജ്യത്തിനായി സ്വർണ മെഡൽ നേടിയിരുന്നു. വനിതകളുടെ അമ്പെയ്ത്ത് കോമ്പൗണ്ട് വിഭാഗത്തിൽ തായ് പെയെ പരാജയപ്പെടുത്തി ഇന്ത്യയുടെ ജ്യോതി-പർണീത്-അദിതി സഖ്യവും സ്വർണം നേടി. പുരുഷ വിഭാഗം കബഡിയിൽ ജപ്പാനെ കീഴടക്കി ഇന്ത്യ സെമിയിൽ കടന്നു. വനിതകളുടെ 50 കിലോഗ്രാം വിഭാഗം ഗുസ്തി സെമിയിൽ പൂജ ഗെലോട്ട് പരാജയപ്പെട്ടത് ഇന്ത്യൻ ക്യാമ്പിന് നിരാശ സമ്മാനിച്ചു.

&&&&&&&&&&&

## PM-ARCHERY

ഏഷ്യൻ ഗെയിംസ് ആർച്ചറി കോമ്പൗണ്ട് ടീം ഇനത്തിൽ രാജ്യത്തിനായി സ്വർണ്ണം നേടിയ വനിതാ താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. താരങ്ങളുടെ അർപ്പണബോധം, ശ്രദ്ധ, പ്രകടന മികവ് എന്നിവ

രാജ്യത്തിന് അഭിമാനം പകർന്നതായും കഴിവിന്റേയും കൂട്ടായ അധ്വാനത്തിന്റേയും പ്രതീകമാണ് ഈ വിജയമെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&

## HEADLINE 6

## ICC WORLD CUP

ഇന്ത്യയിൽ നടക്കുന്ന ഐ.സി.സി ഏകദിന ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾക്ക് തുടക്കമായി. ഉദ്ഘാടന മത്സരത്തിൽ നിലവിലെ ജേതാക്കളായ ഇംഗ്ലണ്ടും ന്യൂസിലൻഡും ഏറ്റുമുട്ടുകയാണ്. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് മത്സരം. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിന് ഇറങ്ങിയ ഇംഗ്ലണ്ട് 50 ഓവറിൽ 9 വിക്കറ്റിന് 282 റൺസ് എടുത്തു. മറുപടി ബാറ്റിംഗിന് ഇറങ്ങിയ ന്യൂസിലന്റ് ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ 20 ഓവറിൽ ഒരു വിക്കറ്റിന് 154 റൺസ് എന്ന നിലയിലാണ്. പരിക്കുമൂലം ന്യൂസിലന്റ് ക്യാപ്റ്റൻ കെയിൻ വില്യംസൺ ആദ്യ മത്സരത്തിൽ കളിക്കുന്നില്ല. ഇന്ത്യയുടെ ആദ്യ മത്സരം ഓസ്ട്രേലിയയ്ക്കെതിരെ ഞായറാഴ്ച ചെന്നൈയിൽ നടക്കും.

&&&&&&&&&&&

## ANATHALAVATTOM

സി ഐ ടി യു സംസ്ഥാന പ്രസിഡന്റും മുതിർന്ന സി പി എം നേതാവുമായ ആനത്തലവട്ടം ആനന്ദൻ അന്തരിച്ചു. 86 വയസ്സായിരുന്നു. അസുഖബാധിതനായി ചികിത്സയിലിരിക്കെ തിരുവനന്തപുരം മെഡിക്കൽ കോളേജിലായിരുന്നു അന്ത്യം. 1987, 1996, 2006 വർഷങ്ങളിൽ ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിച്ചു. ആനത്തലവട്ടം ആനന്ദൻറെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കൾ അനുശോചനം

രേഖപ്പെടുത്തി. സംസ്കാരം നാളെ വൈകിട്ട് അഞ്ചിന് തൈക്കാട് ശാന്തികവാടത്തിൽ നടക്കും.

&&&&&&&&&&&

## INDIA -UAE

ഡിജിറ്റൽ പേയ്മെന്റ് ഉൾപ്പെടെയുള്ള സാമ്പത്തിക നടപടികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യയും യുഎഇയും തമ്മിൽ കരാറിൽ ഒപ്പുവച്ചു. നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഉപസ്ഥാപനമായ എൻപിസിഐ ഇന്റർനാഷണൽ പേയ്മെന്റ് ലിമിറ്റഡും സെൻട്രൽ ബാങ്ക് ഓഫ് യുഎഇയുടെ ഉപസ്ഥാപനമായ അൽ ഇത്തിഹാദ് പേയ്മെന്റുമാണ് കരാറിൽ ഒപ്പുവച്ചത്.

&&&&&&&&&&&

## AFGHAN-WOMEN

അഫ്ഗാനിസ്ഥാനിൽ താലിബാൻ ഭരണകൂടം സ്ത്രീകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച് 80 ഓളം രാജ്യങ്ങൾ 78-ാമത് യുഎൻജിഎ യോഗത്തിൽ സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചു. താലിബാൻ ഭരണകൂടം പുറപ്പെടുവിച്ച ഉത്തരവുകളെ അപലപിച്ച രാജ്യങ്ങൾ നിയന്ത്രണങ്ങൾ നീക്കാനും സ്ത്രീകൾക്ക് തുല്യാവകാശം ഉറപ്പാക്കാനും ആവശ്യപ്പെട്ടു.

&&&&&&&&&&
&&&&&&
&&&